"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ ജോലി ചെയ്തുവരുന്ന പാലിയേറ്റിവ് നഴ്സുമാർക്ക് കരാർ കാലാവധി നിലനിൽക്കുന്ന കാലത്തേയ്ക്ക് കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ് മുഖേന അപകട ഇൻഷുറൻസ് പരിരക്ഷ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1591/2023/LSGD തീയതി,തിരുവനന്തപുരം, 04-08-2023

---

പരാമർശം:- കേരള പാലിയേറ്റീവ് നഴ്സസ് ഫെഡറേഷൻ സെക്രട്ടറിയുടെ 20/07/2022 തീയതിയിലെ കത്ത്.

ഉത്തരവ്

തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ ജോലി ചെയ്തുവരുന്ന പാലിയേറ്റിവ് നഴ്സുമാരെ മെഡിസെപ്പിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് കേരള പാലിയേറ്റീവ് നഴ്സസ് ഫെഡറേഷൻ സർക്കാരിൽ പരാമർശം പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. വിവിധ പഞ്ചായത്തുകളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന പാലിയേറ്റീവ് കെയർ നഴ്സുമാർ കേരള സർക്കാർ ജീവനക്കാരുടെ മെഡിക്കൽ അറ്റൻഡന്റ് ചട്ടങ്ങൾ (KGSMA Rules 1960) വിഭാഗത്തിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ടി വിഭാഗം ജീവനക്കാരെ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പിൽ ഉൾപ്പെടുത്തുവാൻ നിർവ്വാഹമില്ല. എന്നാൽ പാലിയേറ്റീവ് നഴ്സസ് പ്രവർത്തനം ഏറെ ശ്രമകരമായ ജോലി ആയതിനാലും കരാർ കാലാവധി പുതുക്കി വരുന്ന സാഹചര്യത്തിലും കരാർ കാലാവധി നിലനിൽക്കുന്ന കാലത്തേക്ക് മെഡിക്കൽ ഇൻഷ്വറൻസ് പരിരക്ഷണവും ആക്സിഡന്റ് ഇൻഷ്വറൻസ് പരിരക്ഷണവും നൽകുന്നതിന് സർക്കാർ തലത്തിൽ വിശദമായി ചർച്ച നടത്തിയിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് കരാർ കാലാവധി നിലനിൽക്കുന്ന കാലത്തേയ്ക്ക് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതുമായി ബന്ധപ്പെട്ട് ഒരു ലക്ഷം രൂപ വാഗ്ദത്ത തുകയ്ക്ക് 50 രൂപ പ്രീമിയം നിരക്കിൽ അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

4. പാലിയേറ്റീവ് കെയർ നേഴ്സുമാർക്ക് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന ക്ലെയിം സമർ പ്പിക്കാവുന്നതുമാണ്. ജീവനക്കാരുടെ പട്ടിക പ്രിൻസിപ്പൽ ഡയറക്ടറുടെ മേലൊപ്പോടെ പ്രീമിയം തുകയ്ക്കൊപ്പം സമർപ്പിക്കേണ്ടതാണ്. ഡെത്ത്/പെർമനെന്റ് ടോട്ടൽ ഡിസബിലിറ്റിക്ക് 100% വാഗ്ദത്ത തുകയും പെർമനെന്റ് പാർഷ്യൽ ഡിസബിലിറ്റിക്ക് 50% വാഗ്ദത്ത തുകയും

അപകട ഇൻഷ്വറൻസ് പരിരക്ഷ  ലഭിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്(റൂറൽ)
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്(അർബൻ)
ഡയറക്ടർ, സംസ്ഥാന ഇൻഷ്വറൻസ്  വകുപ്പ്
സെക്രട്ടറി, കേരള പാലിയേറ്റീവ് നേഴ്സസ് ഫെഡറേഷൻ, ഇ.ബാലാനന്ദൻ സ്മാരകം, മേലേ തമ്പാന്നൂർ
അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് ( ഡെവ-5/296/2022-ധനം)
ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ വിംഗ്, ഐ&പി.ആർ.ഡി
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Reenamma P A
Date: 04-08-2023 17:20:57
സെക്ഷൻ ഓഫീസർ